# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 20-05-2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. കൂടിക്കാഴ്ചയെ ശുഭപ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi, who is continuing his foreign tour, will meet Italian Prime Minister Giorgia Meloni today. The Prime Minister said he is looking forward to the meeting with optimism.**

2) സിൽവർ ലൈൻ പദ്ധതി റദ്ദാക്കാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം. ഓഗസ്റ്റ് 31ന് കാലാവധി അവസാനിക്കുന്ന പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നവംബർ 30 വരെ ദീർഘിപ്പിക്കാനും തീരുമാനം.

**The State Cabinet has decided to cancel the SilverLine project. It has also decided to extend the validity of PSC rank lists, which were due to expire on August 31, till November 30.**

3) 16-ാം കേരള നിയമസഭയുടെ പ്രോ ടെം സ്പീക്കറായി മുതിർന്ന എംഎൽഎ ജി.സുധാകരൻ ചുമതലയേറ്റു. നിയുക്ത എംഎൽഎ മാരുടെ സത്യപ്രതിജ്ഞ നാളെ.

**Senior MLA G. Sudhakaran assumed charge as the Pro Tem Speaker of the 16th Kerala Legislative Assembly. The swearing-in ceremony of the newly elected MLAs will be held tomorrow**

4) ലോക്സഭയിലേക്കും, സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തിയാൽ എഴ് ലക്ഷം കോടിയോളം രൂപ ലാഭിക്കാൻ സാധിക്കുമെന്ന് സംയുക്ത പാർലമെൻററി സമിതി

The Joint Parliamentary Committee has said that conducting elections to the Lok Sabha and State Legislative Assemblies simultaneously could save nearly seven lakh crore rupees.

5) ഉത്തർപ്രദേശിലും, മധ്യപ്രദേശിലും ഉഷ്ണതരംഗം രൂക്ഷം. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും.

Heatwave conditions have intensified in Uttar Pradesh and Madhya Pradesh. Isolated heavy rainfall is likely to continue in Kerala.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും.

In IPL cricket today, Kolkata Knight Riders will take on Mumbai Indians

*********വാർത്തകൾ വിശദമായി..... *********

## PM-MELONI

വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ശുഭപ്രതീക്ഷയോടെയാണ്കൂടിക്കാഴ്ചയെ നോക്കിക്കാണുന്നതെന്നും, ഇന്ത്യ-ഇറ്റലി ബന്ധം ശക്തിപ്പെടുത്തുന്നത് മുൻനിർത്തിയുള്ള ചർച്ചകളാവും നടക്കുകയെന്നും ശ്രീ മോദി വ്യക്തമാക്കി. റോമിലെ ഇന്ത്യൻ സമൂഹം നൽകിയ ആവേശകരമായ വരവേൽപിൽ പ്രധാനമന്ത്രി നന്ദി അറിയിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി അദ്ദേഹം ഇന്നലെ രാത്രിയാണ് ഇറ്റലിയിലെത്തിയത്. ഇറ്റാലിയൻ പ്രസിഡൻറ് സെർജിയോ മാറ്ററെല്ലയുമായും ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ് ഇടനാഴി, സംയുക്ത തന്ത്രപ്രധാന കർമ പദ്ധതി എന്നിവ കേന്ദ്രീകരിച്ചുള്ള ചർച്ചകളായിരിക്കും സന്ദർശനത്തിൻറെ ഭാഗമായി നടക്കുക. പ്രതിനിധിതല ചർച്ചകൾക്ക് പുറമേ, ധാരണപത്രങ്ങളുടെ കൈമാറ്റവും ഇതോടനുബന്ധിച്ച് നടക്കും.

ജജജജജജജജ

## INDIA-NORDIC SUMMIT(INTRO)

**ഇന്ത്യയ്ക്കും, നോർഡിക് രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധം, ഹരിത സാങ്കേതിക വിദ്യയിലും, നൂതനാശയങ്ങളിലുമൂന്നിയ തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്താൻ മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ ധാരണ.**

*വിശദാംശങ്ങളിലേക്ക്----*

*(വോയിസ്)*

***നോർവേ തലസ്ഥാനമായ ഓസ്ലോയിൽ ഇന്നലെ നടന്ന ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും, നോർവേ, സ്വീഡൻ, ഡെന്മാർക്ക്, ഫിൻലാൻഡ്, ഐസ്ലൻഡ് എന്നീ നോർഡിക് രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും പങ്കെടുത്തു. നോർഡിക് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്കുള്ള നിക്ഷേപത്തിൽ കഴിഞ്ഞ ദശാബ്ദത്തിൽ 200 ശതമാനത്തിൻറെ വർദ്ധനയുണ്ടായതായി പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. പുതിയ വ്യാപാര കരാറുകൾ ഈ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു. ഭീകരവാദം ഉൾപ്പെടെയുള്ള വെല്ലുവിളികളിൽ ഇന്ത്യയും, നോർഡിക് രാജ്യങ്ങളും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിച്ചു വരുന്നതെന്നും ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യയുമായുള്ള സഹകരണം മെച്ചപ്പെടുത്താൻ താത്പര്യം പ്രകടിപ്പിച്ച നോർഡിക് പ്രധാനമന്ത്രിമാർ ജനാധിപത്യം, നിയമവാഴ്ചയിൽ അധിഷ്ഠിതമായ ആഗോള ലോകക്രമം എന്നിവയിലെ സമാന താത്പര്യവും വ്യക്തമാക്കി.***

*ന്യൂസ് ഡസ്ക്, ആകാശവാണി...*

## CABINET MEETING (intro)

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സിൽവർ ലൈൻ പദ്ധതി റദ്ദാക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശനാണ് ഇക്കാര്യം അറിയിച്ചത്. സിൽവർ ലൈനുമായി ബന്ധപ്പെട്ട എല്ലാ വിജ്ഞാപനങ്ങളുംറദ്ദാക്കും. 2026 ഓഗസ്റ്റ് 31ന് കാലാവധി അവസാ നിക്കുന്ന റാങ്ക് ലിസ്റ്റുകൾ നവംബർ 30 വരെ ദീർഘിപ്പിക്കാൻ പി എസ് സി യ്ക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. യുഡിഎഫ് പ്രകടനപത്രികയിലെ കാര്യങ്ങൾ വിഷൻ 2031 എന്ന പേരിൽ ജൂൺ 1 മുതൽ 100 ദിവസത്തേക്കുള്ള കർമ്മപദ്ധതി ഉടൻആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*(ഹോൾഡ്)*

ചികിത്സ പിഴവിനെ തുടർന്ന് മരിച്ച കൊല്ലം സ്വദേശി വേണുവിൻറെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

## G SUDHAKARAN-OATH

16-ാം കേരള നിയമസഭയുടെ പ്രോ ടെം സ്പീക്കറായി മുതിർന്ന എംഎൽഎ ജി.സുധാകരൻ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ലോക് ഭവനിൽ ഇന്ന് രാവിലെ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർസത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ നിയമസഭയിൽ നാളെനടക്കും.

പ്രോ ടെം സ്പീക്കറാണ് സത്യപ്രതിജ്ഞ ചടങ്ങുകൾക്ക് നേതൃത്വം നൽകുക. സ്പീക്കർ തിരഞ്ഞെടുപ്പ് മറ്റന്നാളാണ്. ഈ മാസം 29 - നാണ് ഗവർണറുടെ നയപ്രഖ്യാപനം.

ꕥꕥꕥꕥꕥ

## DIVISION OF DEPARTMENT

യുഡിഎഫ് സർക്കാരിലെ മന്ത്രിമാരുടെ വകുപ്പ് വിഭജനം പൂർത്തിയായി. വകുപ്പ് സംബന്ധിച്ച പട്ടിക മുഖ്യമന്ത്രി വി ഡി സതീശൻ ഗവർണർക്ക് കൈമാറി. ഇത് സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനം ഉടൻ പുറത്തിറങ്ങും. സർക്കാർ ചുമതലയേറ്റ് മൂന്നാം നാളാണ് വകുപ്പ് വിഭജനം പൂർത്തിയായത്.

ꕥꕥꕥꕥꕥ

## ONE NATION ONE ELECTION - JPC

ലോക്സഭയിലേക്കും, സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തിയാൽ എഴ് ലക്ഷം കോടിയോളം രൂപ ലാഭിക്കാൻ സാധിക്കുമെന്ന് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സംയുക്ത പാർലമെൻററി സമിതി. ഇത് ഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പുറമേ, രാജ്യത്തിൻറെ മൊത്തം ആഭ്യന്തര ഉത്പാദനം 1.6 ശതമാനം വർദ്ധിപ്പിക്കുമെന്നും ജെ.പി.സി അധ്യക്ഷൻ പി.പി ചൗധരി ഗുജറാത്തിലെ ഗാന്ധിനഗറിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 1967 വരെ ഇന്ത്യയിൽ തിരഞ്ഞെടുപ്പുകൾ ഇത്തരത്തിൽ ഒരുമിച്ചാണ് നടന്നു വന്നത്. അടിയന്തരാവസ്ഥക്കാലത്താണ് ഇതിന് മാറ്റം വന്നതെന്നും, തിരഞ്ഞെടുപ്പ് കമ്മീഷൻ, നിയമ കമ്മീഷൻ, പാർലമെൻററി സമിതികൾ എന്നിവയ്ക്ക് തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തണമെന്ന അഭിപ്രായമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

ꕥꕥꕥꕥꕥ

## RUBIO INDIA VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ ഈ മാസം 23 ന് ഇന്ത്യയിലെത്തും. റൂബിയോയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. കൊൽക്കത്ത, ആഗ്ര, ജയ്പൂർ, ന്യൂഡൽഹി എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിക്കും. ഊർജ്ജം, സുരക്ഷ, വ്യാപാരം, പ്രതിരോധ സഹകരണം എന്നിവയെക്കുറിച്ച് മുതിർന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം ചർച്ച നടത്തും. ഇന്ത്യ, ഓസ്ട്രേലിയ, ജപ്പാൻ, അമേരിക്ക എന്നിവ ഉൾപ്പെടുന്ന 'ക്വാഡ്' കൂട്ടായ്മയുടെ യോഗത്തിലും റൂബിയോ പങ്കെടുക്കും.

## TN-10th RESULT

തമിഴ്നാട്ടിൽ പത്താം ക്ലാസ് പരീക്ഷ ഫലം പ്രഖ്യാപിച്ചു. 94.31 ആണ് വിജയശതാനം. സർക്കാർ സ്കൂളുകളിൽ 91.86 ശതമാനം വിദ്യാർത്ഥികൾ വിജയം നേടി. പെൺകുട്ടികളാണ് വിജയശതമാനത്തിൽ മുന്നിൽ.

## NATIONAL EDUCATION POLICY AND HINDI

മേരാ യുവഭാരതിൻ്റെ ആഭിമുഖ്യത്തിൽ '**ദേശീയ വിദ്യാഭ്യാസ നയവും ഹിന്ദിയും**' എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാനതല സെമിനാർ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ ദക്ഷിണ മേഖല ഡയറക്ടർ ജനറൽ വി.പളനിച്ചാമി ഉദ്ഘാടനം ചെയ്തു. നവ മാധ്യമങ്ങളിൽ മംഗ്ലീഷ് അടക്കമുള്ള ഭാഷാ ഉപയോഗം മാതൃഭാഷ ഉൾപ്പെടെ എല്ലാ ഭാഷകളെയും ഇല്ലാതാക്കുമെന്നും ഭാഷയെ നാം സംരക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## UP-MP-HEATWAVE

ഉത്തർപ്രദേശിലും, മധ്യപ്രദേശിലും ഉഷ്ണതരംഗം രൂക്ഷം. റെക്കോർഡ് താപനിലയാണ് ഇരു സംസ്ഥാനങ്ങളിലും രേഖപ്പെടുത്തുന്നത്. തുടർച്ചയായ മൂന്നാം ദിവസവും 48 ഡിഗ്രി സെൽഷ്യസിന് മുകളിൽ താപനില രേഖപ്പെടുത്തിയ ഉത്തർപ്രദേശിലെ ബന്ദ ജില്ല, രാജ്യത്തെ ഏറ്റവും ചൂടേറിയ സ്ഥലമായി തുടരുകയാണ്. പകൽ താപനില മിക്ക സ്ഥലങ്ങളിലും 44 മുതൽ 47 ഡിഗ്രി വരെയാണ് രേഖപ്പെടുത്തുന്നത്.

## WEATHER

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും,കാറ്റിനും സാധ്യത. വിവിധ ജില്ലകളിൽ ഇന്നും, നാളെയും കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട് . കാലവർഷം കേരളത്തിൽ ഈ മാസം 26 ഓടെ എത്താനാണ് സാധ്യത.

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 07:30 ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ രാജസ്ഥാൻ റോയൽസ് 7 വിക്കറ്റിന് പരാജയപ്പെടുത്തി.

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

## CONGO EBOLA

മധ്യ ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ, എബോള രോഗബാധയെ തുടർന്ന് മരിച്ചവരുടെ എണ്ണം 136 ആയി. രാജ്യത്ത് 543 പേർക്ക് വൈറസ്ബാധ സംശയിക്കുന്നുണ്ട്. അയൽരാജ്യമായ യുഗാണ്ടയിലും, രണ്ട് പേർക്ക് എബോള ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. രോഗ വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ, ലോകാരോഗ്യ സംഘടന അന്താരാഷ്ട്ര ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ചികിത്സയോ വാക്സിനോ നിലവിലില്ലാത്ത, എബോളയുടെ അപൂർവ വകഭേദമായ 'ബുന്ദിബുഗ്യോ' വൈറസാണ് കോംഗോയിൽ പടർന്നു പിടിക്കുന്നത്..